ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൧൦ ആഫീസറന്മാരേയും, ൧൯൫൧ താഴ്ന്നതരം ഉദ്യോഗസ്ഥന്മാരേയും പിരിച്ചുവിട്ടുകഴിഞ്ഞു. കൂടാതെ മറ്റു ആഫീസറന്മാരേയും, ഇനിയും താഴ്ന്ന ഉദ്യോഗസ്ഥന്മാരേയും അടുത്തുതന്നെ പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നുണ്ടെന്നും അറിയുന്നു.

(ബി) പിരിച്ചു വിട്ടവരിൽ ൧൦ ആഫീസറന്മാർക്കും നൂറിൽ കൂടുതൽ ശിപായിമാർക്കും മറ്റുദ്യോഗങ്ങൾ ഇതിനകം നൽകിയിട്ടുണ്ട്.

പോലീസ് അഴിമതികളും അക്രമങ്ങളും

൨൨ *(൯) ശ്രീ. ടി. എസ്. ബന്ധു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) കുന്ദംകുളം പോലീസ് സബ് ഇൻസ്പെക്ടർ നാരായണൻ നമ്പീശൻ ഒരു കുടുംബ അഴിമതിക്കാരനും, അക്രമക്കാരനുമാണെന്നു കാണിച്ച് ഗവർമ്മെൻറിലേക്ക് വല്ല ആക്ഷേപങ്ങളും ലഭിച്ചിട്ടുണ്ടോ;

(ബി) കരിക്കാട് കുടിയിറക്ക് (വെളുത്തേടത്തു രാമുണ്ണിനായരുടെ കുടുംബത്തെ) പറ്റിനാനാ പുലയൻ ചക്കനെ കുടിയിറക്കിന്റെ പേരിൽ നടത്തിയ മർദ്ദനം, ചെമ്മണ്ണൂർ ശിശുവധക്കേസ് ചുമത്തി നിരപരാധികളായ സ്ത്രീകളെ മർദ്ദിക്കൽ തുടങ്ങിയ പരാതികൾ ഗവർമ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(സി) ആവക ആക്ഷേപങ്ങളേക്കുറിച്ച് ഗവർമ്മെൻറ് എന്തു നടപടിയാണ് നടത്തിയിട്ടുള്ളതു?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അന്വേഷണത്തിലിരിക്കയാണ്.

റേഷൻ ഷാപ്പുകൾക്കു വേണ്ടിയുള്ള ലൈസൻസു്

൨൩. (൧൭) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) പുതുതായി റേഷൻ ഷാപ്പുകൾ നടത്തുന്നതിനുള്ള ലൈസൻസുകൾക്കുവേണ്ടി എത്ര അപേക്ഷകൾ ഇക്കൊല്ലം ലഭിച്ചിട്ടുണ്ട്;

(ബി) ആ അപേക്ഷകൾ അനുസരിച്ച് എത്ര ഷാപ്പുകൾ ഇക്കൊല്ലം തുടങ്ങിയിട്ടുണ്ട്;

(സി) എത്ര അപേക്ഷകൾ നിലവിലുണ്ട്;

വിദ്യാഭ്യാസവും, ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൧൦.

(ബി) ൭.

(സി) ൧൫൪.

Starred Questions posted for Answer on 9th March 1951

ക്ഷാമനിവാരണം

*൨൯൨. (൨) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly

(എ) ഇക്കഴിഞ്ഞ ബഡ്ഡറ്റ വർഷത്തിൽ പുതുതായി എതെങ്കിലും ക്ഷാമനിവാരണ നടപടികൾ നടത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നടപടികളുടെ ഇനവിവരം എതെല്ലാം;

(സി) ഇതിലേക്ക് ആകെ എത്ര ഉറപ്പിക ചെലവായി;

(ഡി) പ്രസ്തുത സംഖ്യ കഴിഞ്ഞ വർഷത്തേതിൽ കൂടുതലോ കുറവോ;

(ഇ) ഫൻ ഒഫ്-ൽ ഈ നടപടി തുടർന്നു നടത്തുവാൻ ആലോചിച്ചിട്ടുണ്ടോ;

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ലാ.

(ബി, സി, ഡി, ഇ) ചോദ്യം ഉദിക്കുന്നില്ല.

CROW MORE FOOD SCHEME

*394 [4] **Sri. D. Gnanasigamoni:** Will the Hon'ble the Chief Ministe be pleased to state:

(*a*) whether the efforts taken by the Government under the Grow More Food Scheme have to any appreciable extent resulted in increase in the production of paddy;

(*b*) if so, to what extent?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) An additional production of about 29,423 tons of rice in 1949—50.

പാട്ടത്തിനു സ്ഥലം

*നമ്പർ (8) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ—കൊച്ചി സംയോജനത്തിനുശേഷം നെയ്യാറിങ്കര താലൂക്കിൽ നേമം പകുതിയിൽ നീറമൺകര കണ്ടുകൃഷിത്തോപ്പും, പാപ്പനംകോട് താളിവിളത്തോപ്പും ഗവൺമെൻറിൽ നിന്നും പാട്ടം കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്കെല്ലാം, എന്തുകൊണ്ട്;

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

സംയോജനത്തിനുശേഷം നെയ്യാറിൻകര താലൂക്കിൽ നേമം പകുതിയിൽ നീറമൺകര കണ്ടുകൃഷിത്തോപ്പു കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടില്ല. പാപ്പനം കോട് താളിത്തോപ്പു ശ്രീപാദം വകയാണ്. അതിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ഗവൺമെൻറിനു അറിവില്ല.

LAND COMMITTEE REPORT

*396. [6] **Sri. N. D. Jose:** Will the Hon'ble Minister for Revenue be pleased to state:—

(*a*) whether the Government has considered the report of the Land Committee; and

(*b*) the recommendations proposed to be implemented?

Minister for Law, Finance and Revenue **(Sri. A. J. John):**

(*a*) and (*b*) The report is under consideration.

LIBRARY ARCHIVES Kerala Legislative Assembly